വിദേശത്ത് മരണമടയുന്നവരുടെ കുടുംബത്തിന് ധനസഹായം

51 (4398) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

വിദേശത്ത് മരണമടയുന്ന മലയാളികളുടെ കുടുംബത്തിന് ഏതെങ്കിലും വിധത്തിലുള്ള ധനസഹായം നൽകുന്നതിന് പദ്ധതിയുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം അറിയിക്കുമോ ; ഇതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ?

ഉത്തരം

വിദേശങ്ങളിൽ മരണമടയുന്ന മലയാളികളുടെ കുടുംബത്തിന് ധനസഹായം അനുവദിക്കുന്നതിലേക്കായി സാന്ത്വന പദ്ധതിയും, കാരുണ്യം പദ്ധതിയും നിലവിലുണ്ട്. വാർഷിക വരുമാനം 25,000 രൂപയിൽ താഴെയുള്ള പ്രവാസി മലയാളികളുടെ ചികിത്സയ്ക്കോ, മരണപ്പെട്ട പ്രവാസിയുടെ/കുടുംബാംഗങ്ങളുടെ മരണാനന്തര ചടങ്ങുകൾ നടത്തുന്നതിനും, മരണപ്പെട്ട പ്രവാസി മലയാളികളുടെ അടുത്ത കുടുംബാംഗങ്ങളുടെ ചികിത്സയ്ക്കും, അവരുടെ പെൺമക്കളുടെ വിവാഹാവശ്യത്തിനും സാന്ത്വന പദ്ധതിയിൻകീഴിൽ പരമാവധി 10,000 രൂപ ധനസഹായം അനുവദിച്ചു വരുന്നുണ്ട്.

വിദേശത്ത് വച്ച് മരണപ്പെടുന്നവരുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനു വേണ്ടിവരുന്ന ചെലവുകൾ വഹിക്കുന്നതിലേക്കായി നോർക്ക വകുപ്പിന് കീഴിൽ 'കാരുണ്യം' എന്ന ഒരു പദ്ധതി നിലവിലുണ്ട്. മൃതശരീരം നാട്ടിൽ കൊണ്ടു വരുന്നതിനുള്ള യഥാർത്ഥ ചെലവ് വഹിച്ചതിനുശേഷം ഈ തുക സർക്കാരിൽനിന്നും മടക്കി നൽകുകയാണ് ചെയ്യുക. വിദേശത്ത് മരണമടയുന്ന കേരളീയന്റെ ഭൗതിക ശരീരം നാട്ടിൽ കൊണ്ടുവരുന്നതിന് പരമാവധി 50,000 രൂപയും ഭാരതത്തിലെ മറ്റു സംസ്ഥാനങ്ങളിൽ മരണമടയുന്നവരുടെ മൃതശരീരം കൊണ്ടുവരുന്നതിന് പരമാവധി 10,000 രൂപയുമാണ് ധനസഹായം. കേരള പ്രവാസി കേരളീയ ക്ഷേമനിധിയിൽ അംഗമായിരിക്കെ അസുഖംമൂലമോ, അപകടംമൂലമോ മരണമടയുന്ന പ്രവാസി കേരളീയരായ (വിദേശം) അംഗത്തിന്റെ ആശ്രിതർക്ക് അൻപതിനായിരം രൂപയും വിദേശത്തുനിന്നും തിരിച്ചുവന്ന പ്രവാസി കേരളീയരായ (വിദേശം) അംഗത്തിന്റെ ആശ്രിതർക്ക് മുപ്പതിനായിരം രൂപയും മരണാനന്തര ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

മേൽപ്പറഞ്ഞ ധനസഹായത്തിന് അംഗത്തിന്റെ ആശ്രിതരിൽ മുൻഗണനാ ക്രമത്തിൽ ഒരാൾക്ക്, അവരുടെ വരുമാനമോ ആശ്രിതത്വമോ കണക്കിലെടുക്കാതെ അർഹതയുണ്ടായിരിക്കുന്നതാണ്.

പ്രവാസികൾക്കായുള്ള സാന്ത്വന പദ്ധതി

52 (4399) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസികൾക്കായുള്ള സാന്ത്വന പദ്ധതി എന്നു മുതൽ പ്രാബല്യത്തിൽ വന്നുവെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly